പത്തനംതിട്ട ജില്ലയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം

155 [1682] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആന്റ് (ബി) ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ ഒന്നും നിലവിലില്ല.

ശ്രീ. കെ. ടി. തോമസ് കമ്മിറ്റിയും, സ്വാശ്രയ മെഡിക്കൽ വിദ്യാർത്ഥികളും

156 [1683] ശ്രീ. വർക്കല കഹാർ:

" എം. എ. വാഹീദ്:

" എം. പി. ഗംഗാധരൻ:

" ബി. വിജയകുമാർ:

" എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ടി. തോമസ് കമ്മീഷൻ നിശ്ചയിച്ച പ്രകാരമുള്ള ഫീസ് നൽകാത്തതിന് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ രണ്ടാം വർഷ കോഴ്സിനു പഠിച്ചുകൊണ്ടിരുന്ന എത്ര വിദ്യാർത്ഥികളെ കോളേജിൽ നിന്നും പുറത്താക്കിയിട്ടുണ്ട്;

(ബി) എന്നെല്ലാമാണ് ഇവരെ പുറത്താക്കിയത്;

(സി) ഫീസ് സംബന്ധിച്ച സുപ്രീംകോടതി വിധി വരുന്നതിന് മുമ്പാണോ ഇവരെ പുറത്താക്കിയത്;

(ഡി) ഇതു സംബന്ധിച്ച സുപ്രീംകോടതി വിധി വന്നതെന്നാണ്; വിധി എന്തായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആന്റ് (ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ആന്റ് (ഡി) കേരള സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജ് (പ്രൊഹിബിഷൻ ഓഫ് ക്യാപ്പിറ്റേഷൻ ഫീസ് ആന്റ് പ്രൊസീഡിയർ ഫോർ അഡ്മിഷൻ ആന്റ് ഫിക്സേഷൻ ഓഫ് ഫീസ്) ആക്ട് 2004-നെതിരെ പുഷ്പഗിരി മാനേജ്മെന്റ് സുപ്രീംകോടതിയിൽ നൽകിയ കേസിൽ (WP 347/04) 29-7-2004-ന് സുപ്രീംകോടതിയിൽ നിന്നും ഒരു താൽക്കാലിക വിധി മാത്രമാണ് വന്നിട്ടുള്ളത്. ഇതനുസരിച്ച് 2004-05 അദ്ധ്യായന വർഷത്തിൽ വിദ്യാർത്ഥികൾ ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റി നിശ്ചയിച്ച പ്രകാരമുള്ള ഫീസ് താൽക്കാലികമായി നൽകണമെന്ന് ഉത്തരവായി. സ്വാശ്രയ മെഡിക്കൽ മേഖലയിലുള്ള ഫീസ് സംബന്ധിച്ച എല്ലാ കേസുകളും അപ്പീലുകളും സുപ്രീംകോടതിയുടെ ഏഴംഗ ഭരണഘടനാ ബഞ്ചിന്റെ പരിഗണനയിലാണ്. കേസിന്റെ വാദം 1-2-2005 മുതൽ തുടങ്ങിക്കഴിഞ്ഞു.

സ്വാശ്രയ ഹോമിയോ നേഴ്സിംഗ്-കം-ഫാർമസി കോഴ്സിന് എൻ. ഒ. സി. നൽകുന്നതിനുള്ള ശുപാർശ

157 [1684] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മേഖലയിൽ ഹോമിയോ നേഴ്സിംഗ്-കം-ഫാർമസി കോഴ്സിന് ഏതെല്ലാം സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകിയിട്ടുണ്ട് ;

(ബി) എൻ. ഒ. സി. നൽകുന്നതിനു മുമ്പ് അടിസ്ഥാന സൗകര്യങ്ങൾ പരിശോധിക്കാൻ ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത സമിതിയിൽ അംഗങ്ങൾ ആരെല്ലാമായിരുന്നു ;

(ഡി) ഡോ. അബ്ദുൽലത്തീഫ് ഈ കമ്മിറ്റിയിൽ ചെയർമാൻ ആയി പ്രവർത്തിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അദ്ദേഹത്തെ നിയോഗിച്ചത് വകുപ്പുമന്ത്രിയുടെ ഉത്തരവ് പ്രകാരമായിരുന്നോ;

(എഫ്) ഡോ. അബ്ദുൽലത്തീഫ് ചെയർമാനായിരുന്ന കമ്മിറ്റി പരിശോധനാ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിരുന്നോ;

(ജി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് എൻ. ഒ. സി. നൽകാനാണ് അതിൽ ശുപാർശ ചെയ്തിരിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly